## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 224** **29-01-2024 - ൽ മറുപടിയ്ക്ക്**

## ചേലേമ്പ്ര,പള്ളിക്കൽ എഫ്.എച്ച്.സി കളുടെ കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയ ചേലേമ്പ്ര, പള്ളിക്കൽ എഫ്.എച്ച്.സി.കളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ചേലേമ്പ്ര എഫ്.എച്ച്.സി. കെട്ടിട നിർമാണത്തിനുള്ള ഡി.പി.ആർ അംഗീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് നടത്തി വരുന്നു. ആയതിന്റെ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. പള്ളിക്കൽ എഫ്.എച്ച്.സി. കെട്ടിടനിർമ്മാണത്തിന് ഹെൽത്ത് ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആയതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് HLL മുഖേന നടത്തി വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ഡി.പി.ആർ. ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ചേലേമ്പ്ര എഫ്.എച്ച്.സി. കെട്ടിടം നിർമ്മാണത്തിന് തയ്യാറാക്കി സമർപ്പിച്ച പ്ലാനിൽ മാറ്റം വരുത്തി എഫ്.എച്ച്.സി. ക്ക് അനുസൃതമായ പ്ലാൻ തയ്യാറാക്കി പുനഃസമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പള്ളിക്കൽ എഫ്.എച്ച്.സി. കെട്ടിട നിർമ്മാണത്തിന് ഹെൽത്ത് ഗ്രാന്റ് ലഭ്യമാകുന്ന മുറക്ക് ആയതു ഉപയോഗിച്ച് നടത്താൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ലാൻ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് HLL മുഖേന തയ്യാറാക്കി വരുന്നു. |
| (സി) | സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം പ്രൊവിഷൻ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾക്ക് അതത് വർഷം തന്നെ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്ന തരത്തിലുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ